"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കോട്ടയ്ക്കൽ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.സുഗതകുമാർ.എം. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) 1102/2020 നമ്പർ കേസിലെ 05.03.2025-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.505/2026/LSGD തീയതി,തിരുവനന്തപുരം, 27-02-2026

---

പരാമർശം:-

1. 14.10.2020-ലെ EU1/283/2020/LSGD നമ്പർ കുറ്റാരോപണ മെമ്മോ.
2. ശ്രീ.സുഗതകുമാർ.എം. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) 1102/2020 നമ്പർ കേസിലെ 05.03.2025 ലെ വിധിന്യായം
3. സ.ഉ(സാധാ) നം.119/2026/LSGD തീയതി 14.01.2026

**<u>ഉത്തരവ്</u>**

ശ്രീ.സുഗതകുമാർ.എം., ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) 1102/2020 നമ്പർ ഹർജിയിലെ പരാമർശം (2) വിധിന്യായത്തിൽ ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് പരാമർശം (1) കുറ്റാരോപണ മെമ്മോയിന്മേലുള്ള ടിയാളുടെ വിശദീകരണം (Annexure-22) പരിഗണിച്ച ശേഷം, ചാർജ് മെമ്മോയുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ ആവശ്യമാണോ എന്ന കാര്യത്തിൽ അനുയോജ്യമായ തീരുമാനം കൈക്കൊണ്ട് 27.06.2020-ലെ സസ്പെൻഷൻ ഉത്തരവിന്റെ തീയതി മുതൽ 27.08.2020 വരെ അപേക്ഷകൻ സസ്പെൻഷനിൽ തുടർന്നിരുന്ന കാലയളവ്, അച്ചടക്ക നടപടിയിൽ കൈക്കൊള്ളുന്ന തീരുമാനത്തെ ആശ്രയിച്ച് ക്രമീകരിക്കപ്പെടേണ്ടതാണെന്ന് ഉത്തരവായിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 27.08.2020 മുതൽ ലഭിക്കാനുള്ള ശമ്പളവും അനുബന്ധ ആനുകൂല്യങ്ങളും, പേ റിവിഷൻ പ്രയോജനങ്ങൾ ഉണ്ടെങ്കിൽ അതടക്കം, കുടിശ്ശികയായി ഉണ്ടായിട്ടുള്ള തുകകൾ ഉത്തരവിന്റെ പകർപ്പ് ലഭിക്കുന്ന തീയതി മുതൽ ഒരു മാസത്തിനകം അപേക്ഷകനു തീർപ്പാക്കി നൽകേണ്ടതാണ് എന്ന് ഉത്തരവായിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും ശ്രീ.സുഗധകമാറിനെതിരെ KCS(CC&A) Rules 1960 ലെ റൂൾ 15 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി KCS(CC&A) Rules 1960 റൂൾ 11(1) (VA) പ്രകാരം ടിയാളുടെ മൂന്ന് വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെ തടഞ്ഞുകൊണ്ട് 14.01.2026-ലെ പരാമർശം (3) ഉത്തരവ് പ്രകാരം ശിക്ഷ സ്ഥിരപ്പെടുത്തി ഉത്തരവായിരുന്നു. കൂടാതെ ടി ഉത്തരവിൽ ടിയാളുടെ സസ്പെൻഷൻ കാലയളവ് ക്രമീകരിക്കുന്നത് സംബന്ധിച്ചും 27.8.2020 മുതലുള്ള ശമ്പളവും അലവൻസും അനുവദിക്കുന്നത് സംബന്ധിച്ചുമുള്ള ഉത്തരവ് പ്രത്യേകം പുറപ്പെടുവിക്കുന്നതാണ് എന്നും ഉത്തരവായിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയ്ക്കൽ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.സുഗതകുമാർ.എം-നെതിരെ KCS(CC&A) Rule 1960 Rule 15 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിൽ ടിയാന് കഠിന ശിക്ഷ നൽകി പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം തീർപ്പാക്കിയിട്ടുള്ളതിനാൽ ശ്രീ.സുഗതകുമാർ.എം-ന്റെ 27.06.2020 മുതൽ 25.08.2020 വരെയുള്ള സസ്പെൻഷൻ കാലയളവ് ടി കാലയളവിലെ ശമ്പളവും, ബത്തകളും ടി കാലയളവുകളിൽ കൈപ്പറ്റിയ ഉപജീവന ബത്തയിൽ നിജപ്പെടുത്തി പെൻഷന് മാത്രം ഡ്യൂട്ടിയായി ക്രമീകരിച്ചും, 26.08.2020 മുതലുള്ള ശമ്പളവും അലവൻസുകളും, കുടിശ്ശിക ഉണ്ടെങ്കിൽ ആയത് അർഹതയ്ക്കനുസരിച്ച് നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 05.03.2025-ലെ OA(EKM) 1102/2020- -മേലുള്ള വിധിന്യായം ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്) തൃശ്ശൂർ
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ.സുഗതകുമാർ.എം, മുൻസിപ്പൽ സെക്രട്ടറി ഗ്രേഡ് III (12/255, Ritha, Ramanathapuram Gramam, Near Siva Temple, Palakkad Head Post, Palakkad District - 678001)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 27-02-2026 15:38:33
സെക്ഷൻ ഓഫീസർ